പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6001 08.07.2013-ൽ മറുപടിയ്ക്ക്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ശ്മശാനങ്ങളുടെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ശ്മശാനങ്ങളുടെ നിർമ്മാണത്തിന് വകുപ്പിൽ നിന്നും 2013-14 സാമ്പത്തിക വർഷത്തിൽ എന്തു തുക അനുവദിക്കുന്നുണ്ട് ; വെളിപ്പെടുത്തുമോ; | (എ) | നഗരപ്രദേശങ്ങളിൽ വാതകശ്മശാനങ്ങൾ നിർമ്മിക്കുന്നതിനായി 2013-14 വർഷത്തെ സംസ്ഥാന ബജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകളിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിനായി 2013-14 വർഷത്തെ സംസ്ഥാന ബജറ്റിൽ 550 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക ലഭ്യമാക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ ? | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുശ്മശാനം നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കി വകുപ്പ് തലവന്മാർക്ക് സമർപ്പിക്കുമ്പോൾ വകുപ്പ് തലവന്മാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ധനസഹായത്തിനായി പരിഗണിക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ